# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/31/2018 2018 ഫെബ്രുവരി 12

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

ഏഴും മൂന്നും ഒന്നും സെമസ്റ്റർ ബി.എച്ച്.എം. (റഗുലർ & സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 28ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.എ.ജെ.എം.സി. (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ മാർച്ച് 7ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 19 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും.

**പരീക്ഷാ തീയതി**

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 21ന് ആരംഭിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ് പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

**പി.എച്ച്.ഡി. പ്രോഗ്രാം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസസ് ആന്റ് നാനോടെക്നോളജിയും റഷ്യയിലെ സൈബിരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തുന്ന പി.എച്ച്.ഡി. പ്രോഗ്രാമിലേക്ക് കെമിസ്ട്രി/ഫിസിക്സ്/ബയോളജി/മെറ്റീരിയൽ സയൻസ് വിഭാഗത്തിൽ ബിരുദാനന്തര ബിരുദമുള്ളവരും സി.എസ്.ഐ.ആർ./യു.ജി.സി./സി.എസ്.ഐ.ആർ. ഇൻസ്പയർ ഫെല്ലോഷിപ്പിന് അർഹതയുള്ളവരുമായവർക്ക് അപേക്ഷിക്കാം. യോഗ്യരായവർ ബയോഡാറ്റ ഫെബ്രുവരി 20ന് മുമ്പായി josejameskadathala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. വിവരങ്ങൾക്ക് ഫോൺ: 9447149547.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസസ് ആന്റ് നാനോടെക്നോളജിയും ദക്ഷിണാഫ്രിക്കയിലെ വാൾട്ടർ സിസലു യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തുന്ന പി.എച്ച്.ഡി. പ്രോഗ്രാമിലേക്ക് കെമിസ്ട്രി/ഫിസിക്സ്/ബയോളജി/മെറ്റീരിയൽ സയൻസ് എന്നിവയിൽ ബിരുദാനന്തര ബിരുദവും, പോളിമർ/മെക്കാനിക്കൽ വിഷയങ്ങളിൽ എം.ടെക് യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാം. യോഗ്യരായവർ ബയോഡാറ്റ ഫെബ്രുവരി 22ന് മുമ്പായി josejameskadathala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. വിവരങ്ങൾക്ക് ഫോൺ: 9447149547.

**<u>പരീക്ഷാഫലം</u>**

2017 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.ബി.എ. (ഓഫ് കാമ്പസ് - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 26 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം വർഷ ബി.പി.ടി. (2013 അഡ്മിഷൻ റഗുലർ & 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

2017 മെയ് മാസം കോട്ടയം ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന് ഗവൺമെന്റ് കോളേജ്, അങ്കമാലി മോണിങ്ങ് സ്റ്റാർ ഹോം സയൻസ്, കളമശ്ശേരി സെന്റ് പോൾസ് കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി (സി.ബി.സി.എസ്.എസ്. മോഡൽ 2 - 2016 അഡ്മിഷൻ റഗുലർ, 2013-2015 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

**<u>ഷോർട്ട് ഫിലിം മത്സരം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'നിരോധനങ്ങളുടെ കാലത്ത് നിശബ്ദമാകാത്ത കാമ്പസ്' എന്ന വിഷയത്തിലുള്ള ഷോർട്ട് ഫിലിം മത്സരത്തിന്റെ എൻട്രികൾ മാർച്ച് 2 വരെ സ്വീകരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 8606170434, 9497201690.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**